പഞ്ചായത്ത് സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന റോഡുകളുടെ പണികൾ

85 (865)ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നതും വികേന്ദ്രീകരണംമൂലം പഞ്ചായത്ത് സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്നതുമായ റോഡുകളുടെ പണികൾ രണ്ടുവർഷമായി മുടങ്ങിക്കിടപ്പുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പണികൾ പൂർത്തിയാക്കുന്നതിന് ഏതു വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയ്ക്കകത്തു നിന്നുകൊണ്ട് പരമാവധി പണികൾ പൂർത്തീകരിക്കാൻ ശ്രമം നടത്തുന്നുണ്ട്.

മരാമത്ത് ജോലികൾ പൂർത്തിയാക്കാൻ നടപടി

86 (869)ഡോ. എം.എ. കുട്ടപ്പൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. എറണാകുളം ഡിവിഷന്റെ കീഴിൽ ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽപ്പെടുന്ന പഴയ എം.എൽ.എ. റോഡായ വൈപ്പിൻ-മുനമ്പം സമാന്തര എം.എൽ.എ. റോഡ്, ന്യൂ എം.എൽ.എ. റോഡായ എ.എ. സെയ്ത് മുഹമ്മദ് റോഡ്, നെടുങ്ങാട്-നായരമ്പലം ഹെർബർട്ട് ഫുട് ബ്രിഡ്ജ് എന്നീ വർക്കുകൾക്ക് 1996-97-ലെ ബഡ്ജറ്റിലും, 1997-98 സപ്ലിമെന്ററി ഗ്രാന്റിലും 1998-99-ലെ അഡീഷണൽ ഓതറൈസേഷൻ വഴിയും പണം അനുവദിച്ചിരുന്നെങ്കിലും 1999-2000-മാണ്ടിലെ ബഡ്ജറ്റിൽ പണം അനുവദിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മൂന്നു പണികൾക്കും ആവശ്യമായ തുക സപ്ലിമെന്ററി ഗ്രാന്റിലൂടെ അനുവദിക്കുമോ?

ഉത്തരം

(എ) വില്ലേജ് റോഡ് വിഭാഗത്തിൽപ്പെട്ട പ്രസ്തുത പണികൾക്ക് മുൻവർഷങ്ങളിൽ ബഡ്ജറ്റിൽ പണം അനുവദിച്ചിരുന്നു. എന്നാൽ 1999-2000 വർഷത്തെ ബഡ്ജറ്റിൽ വില്ലേജ് വിഭാഗത്തിലെ പണികൾക്ക് തുകയൊന്നും ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് മേല്പറഞ്ഞ പണികൾക്കും തുക ഉൾപ്പെടുത്തിയിട്ടില്ല.

(ബി) തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly